(എ) പുത്തൻകുരിശ് രജിസ്ട്രാർ ആഫീസിന്റെ ജീർണ്ണിച്ച കെട്ടിടം ഏതു സമയത്തും നിലംപതിക്കാവുന്ന സ്ഥിതിയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പുതിയ കെട്ടിടം പണിയുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പുത്തൻകുരിശ് സബ്രജിസ്ട്രാർ ഓഫീസ് പ്രവർത്തിക്കുന്ന കെട്ടിടം പഴക്കുമുള്ളതാണെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇക്കാര്യം ഗവൺമെന്റിന്റെ പരിഗണനയിലാണ്.

96 (240) ചീഫ് എൻജിനീയറുടെ ലംപ്സം പ്രൊവിഷൻ ഉപയോഗിച്ച് വർക്കുകൾ ചെയ്യുന്നതിന് നടപടി

പ്രൊഫ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചീഫ് എൻജിനീയറുടെ ലംപ്സം പ്രൊവിഷൻ ഉപയോഗിച്ച് വർക്കുകൾ ചെയ്യുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) 1996-97, 1997-98, 1998-99 സാമ്പത്തികവർഷങ്ങളിൽ ഈ ഇനത്തിൽ ഉൾപ്പെടുത്തി എത്ര കോടി രൂപയുടെ വർക്കുകളുടെ ടെണ്ടർ വിളിച്ചിട്ടുണ്ടെന്നും എത്ര കോടി ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത കാലയളവിൽ കുട്ടനാട്, ഹരിപ്പാട്, കായംകുളം മണ്ഡലങ്ങളിൽ എത്ര കോടി രൂപയുടെ വർക്കുകൾ നടത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ഡി) ഹരിപ്പാട് മണ്ഡലത്തിൽ ചീഫ് എൻജിനീയറുടെ ലംപ്സം പ്രൊവിഷനിൽപ്പെടുത്തി അത്യാവശ്യവർക്കുകൾ നടത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പ്രത്യേകിച്ച് മാനദണ്ഡങ്ങളൊന്നും നിശ്ചയിച്ചിട്ടില്ല. ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ള തുകയ്ക്കു അനുസരണമായി പണികളുടെ അത്യാവശ്യകത നോക്കി അനുവാദം നൽകുകയാണ് ചെയ്യുന്നത്.

(ബി) നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ 133.50 കോടി രൂപയുടെ വർക്കുകൾ ടെണ്ടർ വിളിക്കുകയുണ്ടായി. പ്രസ്തുത കാലയളവിൽ ഈ ബഡ്ജറ്റ് ഹെഡിൽ 125.385 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. കെട്ടിടങ്ങളും പ്രാദേശിക ജോലികളും വിഭാഗത്തെ സംബന്ധിക്കുന്ന വിവരങ്ങൾ ശേഖരിച്ചു വരുന്നു.

(സി) നിയോജകമണ്ഡലാടിസ്ഥാനത്തിൽ കണക്കുകൾ സൂക്ഷിക്കാറില്ല,

(ഡി) പ്രത്യേക നിർദ്ദേശങ്ങൾ പരിഗണിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly